STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

നം: എ4/2106/2019/സ്കോൾ-കേരള

തീയതി: 30/05/2019

## വിജ്ഞാപനം

## സ്കോൾ-കേരള; ഹയർ സെക്കൻഡറി കോഴ്സ് ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

സ്കോൾ-കേരള (മുൻ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ) മുഖേനെയുള്ള ഹയർ സെക്കണ്ടറിതല കോഴ്സുകളിൽ, 2019-21 ബാച്ചിലേക്ക് ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നീ വിഭാഗങ്ങളിൽ ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി. അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. 2019 ജൂൺ ഒന്ന് മുതൽ www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ ഓൺലെയിനായി രജിസ്റ്റർ ചെയ്യാം.

ഓപ്പൺ റെഗുലർ വിഭാഗത്തിൽ സയൻസ് ഗ്രൂപ്പിൽ ഉൾപ്പെടെ പ്രാക്ടിക്കൽ ഉള്ള, തെരഞ്ഞെടുത്ത സബ്ജക്റ്റ് കോമ്പിനേഷനുകളിൽ രജിസ്റ്റർ ചെയ്യാം. തെരഞ്ഞെടുത്ത സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളാണ് പഠനകേന്ദ്രങ്ങളായി അനുവദിക്കുന്നത്. സ്വയംപഠനസഹായികളും, ലാബ് സൗകര്യവും, പൊതു അവധി ദിവസങ്ങളിൽ സമ്പർക്ക ക്ലാസ്സുകളും ഈ വിഭാഗം വിദ്യാർഥികൾക്ക് ലഭ്യമാണ്. ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗത്തിൽ തെരഞ്ഞെടുത്ത കോമ്പിനേഷനുകളിൽ പ്രാക്ടിക്കൽ ഇല്ലാത്ത വിഷയങ്ങളിലാണ് പ്രൈവറ്റ് രജിസ്ട്രേഷന് സൗകര്യമുള്ളത്.

ഇരു വിഭാഗത്തിലും ഓൺലെയിൻ രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളായാണ് നടത്തേണ്ടത്. വിദ്യാർഥിയുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി, നിർദ്ദിഷ്ട ഫീസ് അടക്കുന്നതിനുള്ള ചെലാൻ ജനറേറ്റ് ചെയ്യുന്നതുവരെ ഒന്നാം ഘട്ടം. നിശ്ചിത ഫീസ് പോസ്റ്റ് ഓഫീസിൽ അടക്കുമ്പോൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന രസീതിലെ 19 അക്ക ഇൻവോയിസ് നമ്പർ ഓൺലെയിൻ അപേക്ഷയിലെ നിർദ്ദിഷ്ട ഫീൽഡിൽ രേഖപ്പെടുത്തി, ഫീസ് അടച്ച തീയതി, പോസ്റ്റ് ഓഫീസിന്റെ പേര്, മറ്റ് നിർദ്ദിഷ്ട വിവരങ്ങളും ഉൾപ്പെടുത്തി അപേക്ഷ ഫാറം പ്രിന്റ് എടുക്കുന്നതുവരെ രണ്ടാം ഘട്ടം.

ഫീസടയ്ക്കുന്നതിന് ജനറേറ്റ് ചെയ്ത് ലഭ്യമാകുന്ന ബാർകോഡ് സഹിതമുള്ള ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതൊരു പോസ്റ്റ് ഓഫീസിലും ഫീസ് അടയ്ക്കാനുള്ള സൗകര്യമുണ്ട്. പിഴ കൂടാതെ ജൂൺ 26 വരെയും, 60/- രൂപ പിഴയോടെ ജൂലൈ 2 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലെയിൻ രജിസ്ട്രേഷന് ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ, അതത് ജില്ലാ കേന്ദ്രങ്ങളിൽ നേരിട്ടോ, എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം-12 എന്ന വിലാസത്തിൽ നേരിട്ടോ, സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും പ്രോസ്പെക്ടസിനും സ്കോൾ-കേരളയുടെ വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾ 0471-2342950, 2342271, 2342369 എന്നീ ഫോൺ നമ്പറുകളിൽ നിന്നും ലഭിക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ

C1/E/A1/Letters/Press/7

# സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എജ്യുക്കേഷൻ – കേരള (സ്കോൾ–കേരള)

വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695012

www.scolekerala.org, email: scolekerala@gmail.com

ഫോൺ : 0471 - 2342950, 2342271, 2342369


നമ്പർ: എ4/2106/2019/സ്കോൾ-കേരള — തീയതി: 30/05/2019

## സ്കോൾ കേരള -ഹയർസെക്കൻഡറിതല കോഴ്സുകളുടെ 2019-21 ബാച്ച് പ്രവേശനം പൊതു വിവരങ്ങൾ

സ്കോൾ-കേരള മുഖേനെ നടത്തുന്ന ഹയർസെക്കൻഡറി-ഓപ്പൺ റഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ 2019-21 ബാച്ച് പ്രവേശനം ആരംഭിച്ചു. അപേക്ഷകർ www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ 01.06.2019 മുതൽ ഓൺലെയിനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ വർഷം മുതൽ ഓൺലെയിൻ രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളായിട്ടാണ് നടത്തേണ്ടത്. കോഴ്സ് വിവരങ്ങളും, ഫീസ് ഘടനയും, ഓൺലെയിൻ രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## ഓപ്പൺ റഗുലർ കോഴ്സ്

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II ഉപഭാഷ (മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ

#### സയൻസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 01 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി. |
| 05 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ്. |
| 09 | ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സൈക്കോളജി |

#### ഹ്യൂമാനിറ്റീസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി. |
| 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യൽ വർക്ക് |
| 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് |

#### കൊമേഴ്സ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 36 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| 37 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് |
| 38 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |
| 39 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |

### കോഴ്സ് ഫീസ്

ഓപ്പൺ റെഗുലർ വിദ്യാർഥികൾക്ക് കോഴ്സ് ഫീസ് ഒറ്റ തവണയായോ രണ്ടു തവണകളായോ ഒടുക്കുവാനുള്ള അവസരം ലഭ്യമാണ്.

#### ഫീസ് ഘടന

| സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ | ഒന്നാം തവണ | | | രണ്ടാം തവണ | ആകെ |
|---|---|---|---|---|---|---|
| | | ഫീസ് | കോഷൻ ഡിപ്പോസിറ്റ് | ആകെ | | |
| | **സയൻസ്** | | | | | |
| 01 | ബയോളജി | 2450 | 500 | 2950 | 900 | 3850 |
| 05 | കമ്പ്യൂട്ടർ സയൻസ് | 2550 | 600 | 3150 | 900 | 4050 |
| 09 | സൈക്കോളജി | 2450 | 500 | 2950 | 900 | 3850 |
| | **ഹ്യൂമാനിറ്റീസ്** | | | | | |
| 11 | സേഷ്യോളജി | 1200 | Nil | 1200 | 900 | 2100 |
| 16 | സോഷ്യൽ വർക്ക് | 1200 | Nil | 1200 | 900 | 2100 |
| 30 | സ്റ്റാറ്റിസ്റ്റിക്സ് | 1200 | Nil | 1200 | 900 | 2100 |
| | **കോമേഴ്സ്** | | | | | |
| 36 | മാത്തമാറ്റിക്സ് | 1200 | Nil | 1200 | 900 | 2100 |
| 37 | സ്റ്റാറ്റിസ്റ്റിക്സ് | 1200 | Nil | 1200 | 900 | 2100 |
| 38 | പൊളിറ്റിക്കൽ സയൻസ് | 1200 | Nil | 1200 | 900 | 2100 |
| 39 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 1800 | 100 | 1900 | 900 | 2800 |

### സവിശേഷതകൾ

- ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട ഹയർസെക്കൻഡറി സ്കൂളുകളിൽ അവധി ദിവസങ്ങളിൽ സമ്പർക്ക ക്ലാസ് ലഭ്യമാണ്.
- ഒന്നും രണ്ടും വർഷങ്ങളിൽ ഓരോ വിഷയത്തിനും 30 മണിക്കൂർ വീതം സമ്പർക്ക ക്ലാസുകൾ നൽകുന്നു. കൂടാതെ പ്രാക്ടിക്കൽ വിഷയങ്ങൾക്ക് രണ്ടാം വർഷം 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസും ലഭ്യമാണ്.
- വിദ്യാർഥികൾക്ക് സ്വയം പഠിക്കാൻ സഹായകമായ ഭാഷയിൽ സ്വയം പഠന സഹായികൾ ലഭ്യമാണ്.
- അപേക്ഷകർക്ക് ഉയർന്ന പ്രായപരിധി ഇല്ല

## പ്രൈവറ്റ് രജിസ്ട്രേഷൻ

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II ഉപഭാഷ(മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ

#### ഹ്യൂമാനിറ്റീസ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി. |
| 15 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി |
| 18 | ഇസ്ലാമിക്ഹിസ്റ്ററി&കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| 28 | ഹിസ്റ്ററി, ഇക്കണോമിക്സ്, സംസ്കൃതം(സാഹിത്യം), സംസ്കൃതം(ശാസ്ത്രം) |
| 46 | ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, അറബിക് |

#### കൊമേഴ്സ് വിഭാഗം

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 36 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി(A.F.S.), ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| 38 | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി(A.F.S.), ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |

**രണ്ട് വർഷത്തേക്ക് ആകെ രജിസ്ട്രേഷൻ ഫീസ് 560/-രൂപ - ഒരുമിച്ച് ഒടുക്കേണ്ടതാണ്**

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് നിരന്തരമൂല്യനിർണയത്തിന്റെ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനായി അനുവദിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ വച്ച് രണ്ടു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ് നൽകും.

### പ്രവേശന യോഗ്യത

- എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, മറ്റ് സ്റ്റേറ്റ് ബോർഡ് തുടങ്ങിയവയിൽ വിജയം/ഉപരിപഠന യോഗ്യത, അല്ലെങ്കിൽ സർക്കാർ തത്തുല്യമായി അംഗീകരിച്ച ഉപരിപഠന യോഗ്യത സർട്ടിഫിക്കറ്റ്.
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ (**NIOS**) മുഖേനെയും, രാജ്യത്തിന് പുറത്ത് നിന്നും സെക്കണ്ടറി തലത്തിൽ നിർദ്ദിഷ്ട യോഗ്യത നേടിയ വിദ്യാർഥികളുടെയും പ്രവേശനം സ്റ്റേറ്റ് ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, കേരള അനുവദിക്കുന്ന ഇക്വലൻസി സർട്ടിഫിക്കറ്റിന് വിധേയമായിരിക്കും.

ഇപ്പോൾ പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് റെഗുലർ സ്കൂൾ വിദ്യാർഥികൾക്കൊപ്പം 2021 മാർച്ചിലെ ഹയർസെക്കൻഡറി ഡയറക്ടറേറ്റ് പൊതുപരീക്ഷ നടത്തി, സർട്ടിഫിക്കറ്റ് നൽകും. നിർദ്ദിഷ്ട യോഗ്യത നേടുന്നവർക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനത്തിന് അഖിലേന്ത്യാ തലത്തിലും, സംസ്ഥാന തലത്തിലും നടത്തുന്ന മത്സര പരീക്ഷകൾ എഴുതാവുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

- സ്കോൾ-കേരള മുഖാന്തിരം ഹയർ സെക്കണ്ടറി ഓപ്പൺ റെഗുലർ, പ്രൈവറ്റ് വിഭാഗങ്ങളിൽ തെരഞ്ഞെടുത്ത സബ്ജക്റ്റ് കോമ്പിനേഷനുകൾക്ക് അപേക്ഷിക്കാം. ലക്ഷദ്വീപ് മേഖലയിൽ ഓപ്പൺ റഗുലർ കോഴ്സിന് പഠനകേന്ദ്രങ്ങൾ നിലവിലില്ല. അതിനാൽ ഈ മേഖലയിലെ വിദ്യാർത്ഥികൾ പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗത്തിൽ മാത്രം അപേക്ഷിക്കേണ്ടതാണ്.
- ഈ വർഷം സംസ്ഥാനത്ത് നിന്ന് എസ്.എസ്.എൽ.സി.യിൽ ഉപരിപഠന യോഗ്യത നേടിയവർ ഉൾപ്പെടെ 2009 മാർച്ച് മുതൽ ഉപരിപഠന യോഗ്യത നേടിയവർ SSLC 2009 Onwards എന്ന ലിങ്കിലൂടെയും, മറ്റ് വിദ്യാർത്ഥികൾ (CBSE, ICSE, NIOS, മറ്റ് സ്റ്റേറ്റ് ബോർഡുകൾ, 2009 ന് മുമ്പ് SSLC പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയവർ) Others എന്ന ലിങ്കിലൂടെയുമാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ Instructions വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം I Agree എന്ന ബട്ടൻ Click ചെയ്യുക. വിശദവിവരങ്ങൾക്ക് സ്കോൾ-കേരള വെബ്സൈറ്റിലെ 2019-20 അധ്യയനവർഷത്തെ പ്രോസ്പെക്ടസ് കാണുക.
- മുൻ വർഷങ്ങളിൽ ഹയർസെക്കൻഡറിയോ മറ്റ് തത്തുല്യ കോഴ്സുകളോ പഠിക്കുകയും ഇടയ്ക്ക് വച്ച് പഠനം നിർത്തുകയും ചെയ്ത വിദ്യാർത്ഥികൾ മുൻ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തശേഷം മാത്രമേ പുതിയ രജിസ്ട്രേഷൻ നടത്താൻ പാടുള്ളൂ. ഈ വിഭാഗം വിദ്യാർത്ഥികൾ അതത് പരീക്ഷ ബോർഡുകൾ അനുവദിക്കുന്ന ക്യാൻസലേഷൻ മെമ്മോ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ഓൺലെയിൻ രജിസ്ട്രേഷൻ രണ്ട് ഘട്ടമായിട്ടാണ് നടത്തേണ്ടത്. വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ Enter ചെയ്ത് ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയാണ് ഒന്നാം ഘട്ടം. ബാർകോഡ് സഹിതം ജനറേറ്റ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഏതെങ്കിലും പോസ്റ്റ്ഓഫീസിൽ ഫീസ് ഒടുക്കിയശേഷം, ഫീസ് അടച്ച തീയതി, പോസ്റ്റ് ഓഫീസിന്റെ പേര്, പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന രസീതിലെ 19 അക്ക ഇൻവോയിസ് നമ്പർ ഇവ രേഖപ്പെടുത്തിയ ശേഷം അപേക്ഷ Confirm ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയാണ് രണ്ടാം ഘട്ടം.
- എല്ലാ വിദ്യാർഥികളും ഓൺലൈൻ അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട വലിപ്പത്തിൽ ( Maximum Size 25kb- Width x Height, 200 px x 200 px) ഫോട്ടോ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്ന അപേക്ഷാഫാറത്തിലെ ഫോട്ടോ ഗ്രാഫ് ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- Others എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികളുടെ വ്യക്തിഗത വിവരങ്ങൾ (പേര്, ജനന തീയതി, ജാതി, മതം തുടങ്ങിയവ) യോഗ്യത സർട്ടിഫിക്കറ്റ്/ടി സിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ രേഖപ്പെടുത്തേണ്ടതാണ്.
- 01, 05, 09, 39 എന്നീ സബ്ജക്ട് കോമ്പിനേഷനുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി e-transfer മുഖേന കോഷൻഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്. ഇതിനായി രക്ഷകർത്താവ്/വിദ്യാർഥിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് ഉടമയുടെ പേര്, ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, IFS കോഡ്) അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും, പ്രസ്തുത ബാങ്ക് പാസ്സ്ബുക്കിന്റെ Front പേജ് പകർപ്പ് അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതുമാണ്.
- സ്കോൾ-കേരള രജിസ്ട്രേഷൻ, സമ്പർക്ക ക്ലാസ്സുകൾ, പരീക്ഷ തുടങ്ങി വിദ്യാർഥികൾക്കുള്ള വിവിധ അറിയിപ്പുകൾ മെസ്സേജ് അലർട്ട് വഴി അറിയിക്കുമെന്നതിനാൽ അപേക്ഷയിൽ വിദ്യാർഥിയുടെ/രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾ പരിഗണന ലഭിക്കേണ്ട കാര്യം വ്യക്തമാക്കികൊണ്ട് മെഡിക്കൽബോർഡ് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- സബ്ജക്ട് കോമ്പിനേഷൻ, സെക്കന്റ് ലാംഗ്വേജ് എന്നിവ ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തിയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ച ശേഷം ഇവയിൽ മാറ്റം അനുവദിക്കുന്നതല്ല.
- പഠന/പരീക്ഷാകേന്ദ്രങ്ങളുടെ പേര്, സ്ഥലം എന്നിവ വ്യക്തമായി മനസിലാക്കിയ ശേഷം ഓപ്പൺ റഗുലർ വിദ്യാർഥികൾ മുൻഗണനാക്രമത്തിൽ മൂന്ന് പഠന കേന്ദ്രങ്ങളും പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾ പത്ത് പരീക്ഷാകേന്ദ്രങ്ങളും തെരഞ്ഞെടുക്കേണ്ടതാണ്.
- ഫീസ് ഒടുക്കിയ ചെലാനിലെ വിവരങ്ങൾ രേഖപ്പെടുത്തി, അപേക്ഷ Confirm ചെയ്താൽ മാത്രമേ അപേക്ഷയുടെ പ്രിന്റ് ഔട്ട് ലഭ്യമാവുകയുള്ളൂ. ഇപ്രകാരമുള്ള പ്രിന്റൗട്ടിനൊപ്പം ലഭിക്കുന്ന Username, Passward ഇവ നിർബന്ധമായും വിദ്യാർഥി സൂക്ഷിക്കേണ്ടതാണ്.
- ഓൺലെയിൻ രജിസ്ട്രേഷൻ സമയത്ത് ജനറേറ്റ് ചെയ്ത് ലഭിക്കുന്ന ബാർകോഡ് സഹിതമുള്ള ചെലാനിൽ മാത്രം ഫീസ് ഒടുക്കുക. ട്രഷറി, ബാങ്കുകൾ മുഖേനെ ഫീസടച്ച ചെലാനുകൾ, ഡിമാന്റ് ഡ്രാഫ്റ്റ്, മണിഓർഡർ ഇവ മുഖേന ഫീസടച്ചാൽ സ്വീകരിക്കുന്നതല്ല. ചെലാന്റെ സ്റ്റുഡന്റ് കോപ്പി വിദ്യാർഥി കൈവശം സൂക്ഷിക്കേണ്ടതാണ്.
- ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾക്കും പോസ്റ്റ്ഓഫീസ് മുഖേനെ ഫീസ് അടയ്ക്കാൻ സൗകര്യം ഉള്ളതിനാൽ ഈ വർഷം മുതൽ പോസ്റ്റ് ഓഫീസ് മുഖേനെയാണ് ഫീസ് ഒടുക്കേണ്ടത്.
- തെരഞ്ഞെടുത്ത സ്കൂളുകളിൽ വിദ്യാർഥികളെ ഉൾക്കൊള്ളാനുള്ള സൗകര്യം പരിഗണിച്ചാണ് പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുക. ഇതിന്റെ അന്തിമ തീരുമാനം സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- ഓൺലൈനായി രജിസ്റ്റർ ചെയ്തശേഷം അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത്, ഒരു പേപ്പറിന്റെ ഇരുവശങ്ങളിലുമായി പ്രിന്റ്ഔട്ട് എടുത്ത്, അതിനോടൊപ്പം നിർദ്ദിഷ്ടരേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ സ്പീഡ്/രജിസ്റ്റേഡ് തപാൽ മാർഗ്ഗമോ സംസ്ഥാന ഓഫീസിൽ അല്ലെങ്കിൽ അതത് ജില്ലാകേന്ദ്രങ്ങളിൽ നേരിട്ടും സമർപ്പിക്കാം. സംസ്ഥാന/ ജില്ലാകേന്ദ്രങ്ങളുടെ വിലാസം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവർക്ക് രസീത് നൽകും.
  ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ടിലെ ഡിക്ലറേഷൻ പൂരിപ്പിച്ച് നിർദ്ദിഷ്ട ഭാഗങ്ങളിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
- സ്കോൾ-കേരള സംബന്ധമായ വിവരങ്ങൾക്ക് സംസ്ഥാന ഓഫീസ് മുഖേനെയോ ജില്ലാകേന്ദ്രങ്ങൾ മുഖേനയോ സംശയനിവാരണം നടത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 - 2342950, 2342271, 2342369 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**സ്കോൾ-കേരളയിൽ ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല**

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- SSLC 2009 Onwards എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്തവർ ഡൗൺലോഡ് ചെയ്തെടുത്ത രജിസ്ട്രേഷൻ ഫാറത്തിന്റെ പ്രിന്റിനോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ SSLC സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ്.
- Others എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യുന്ന എല്ലാ വിദ്യാർഥികളും ഡൗൺലോഡ് ചെയ്തെടുത്ത രജിസ്ട്രേഷൻ ഫാറത്തിന്റെ പ്രിന്റിനോടൊപ്പം SSLC/ തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റിന്റെ ഒറിജിനലും, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും.
- ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (T.C.) (പ്രൈവറ്റ് ഓവറേയ്ജ്ഡ് വിദ്യാർഥികൾ അവസാനം പഠിച്ച സ്കൂളിൽ നിന്നും 50/-രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ വാങ്ങിയ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കണം)
- കേരളത്തിലെ ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ നിശ്ചിത ഫീസ് അടച്ച അസൽ ചെലാനും, ഫീസടച്ചശേഷം പോസ്റ്റ് ഓഫീസ് അധികൃതർ നൽകുന്ന രസീതും
- മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (കേരളത്തിനു പുറത്തു നിന്നും നിർദ്ദിഷ്ടയോഗ്യത നേടിയവർ).
- NIOS മുഖേനെയും, രാജ്യത്തിനു പുറത്തു നിന്നും സെക്കണ്ടറി തലത്തിൽ നിർദ്ദിഷ്ട യോഗ്യത നേടിയവർ സ്റ്റേറ്റ് ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, കേരള അനുവദിക്കുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം.
- മുൻ വർഷങ്ങളിൽ ഹയർ സെക്കണ്ടറി/തത്തുല്യ കോഴ്സുകളിൽ ചേർന്നശേഷം പഠനം മുടങ്ങിയവർ ബന്ധപ്പെട്ട പരീക്ഷ ബോർഡ് അനുവദിക്കുന്ന ക്യാൻസലേഷൻ മെമ്മോ ഹാജരാക്കണം.

ഒപ്പ്/-

**എക്സിക്യൂട്ടീവ് ഡയറക്ടർ**